**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷിനാശം നേരിടാനുള്ള പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം. എം. മണി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന സാഹചര്യങ്ങളെ നേരിടുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന സാഹച-ര്യങ്ങളെ നേരിടുന്നതിനായി സ്കീം ഓൺ കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചറൽ കലാമിറ്റീസ് ആൻഡ് പെസ്റ്റ് ആൻഡ് ഡിസീസ് എൻഡെമിക് എന്ന പദ്ധതി-യിലെ കരുതൽ വിത്തു ശേഖരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നെൽ വിത്തിന്റെ കരുതൽ ശേഖരം സൂക്ഷിക്കുന്നു. വിളനാശം സംഭവിക്കുന്ന അവസരത്തിൽ കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നു. കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റിയെയാണ് ഈ കരുതൽ ശേഖരം സൂക്ഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പച്ചക്കറി, പയർവർഗ്ഗ വിളകൾ എന്നിവയുടെ വിത്തുകൾ ആവശ്യകത അനുസരിച്ച് കേരള കാർഷിക സർവ്വകലാശാല, സീഡ് അതോറിറ്റി, വി.എഫ്.പി.സി.കെ, ഡിപ്പാർട്ട്മെന്റ് ഫാംസ്, തുടങ്ങിയവ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി വിത്തുകളുടെയും കാർഷികവിളകളുടെയും കരുതൽ ശേഖരം ഉണ്ടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | **ഉണ്ട്.** അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന സാഹച-ര്യങ്ങളെ നേരിടുന്നതിനായി സ്കീം ഓൺ കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചറൽ കലാമിറ്റീസ് ആൻഡ് പെസ്റ്റ് ആൻഡ് ഡിസീസ് എൻഡെമിക് എന്ന പദ്ധതി-യിലെ കരുതൽ വിത്തു ശേഖരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നെൽ വിത്തിന്റെ കരുതൽ ശേഖരം സൂക്ഷിക്കുന്നു. വിളനാശം സംഭവിക്കുന്ന അവസരത്തിൽ കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നു. കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റിയെയാണ് ഈ കരുതൽ ശേഖരം സൂക്ഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പച്ചക്കറി, പയർവർഗ്ഗ വിളകൾ എന്നിവയുടെ വിത്തുകൾ ആവശ്യകത അനുസരിച്ച് കേരള കാർഷിക സർവ്വകലാശാല, |

| | | | |
|---|---|---|---|
| | | | സീഡ് അതോറിറ്റി, വി.എഫ്.പി.സി.കെ, ഡിപ്പാർട്ട്മെന്റ് ഫാംസ്, തുടങ്ങിയവ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. |
| (സി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി അനുസരിച്ച് കർഷകർക്ക് എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കുന്നത്; വിശദമാക്കാമോ; | (സി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി അനുസരിച്ച് കർഷകർക്ക് വിള പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.<br><br>കേന്ദ്ര സംസ്ഥാന പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി വിളകളെ ബാധിക്കുന്ന പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളിൽ നിന്നും പരിരക്ഷ ലഭിക്കുന്നു. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, വെറ്റില, ഏലം, റബ്ബർ, മാവ്, ജാതി, ഗ്രാമ്പൂ, കിഴങ്ങുവർഗ്ഗങ്ങൾ, തേയില, കൊക്കോ, കാപ്പി, ഇഞ്ചി, മഞ്ഞൾ, നിലക്കടല, പയർവർഗ്ഗ വിളകൾ ഉൾപ്പെടെയുള്ള 27 വിളകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാപനം ചെയ്ത കാലാവസ്ഥാ ഘടകങ്ങളിലുണ്ടാകുന്ന വ്യതിയാനം മൂലം പൂർണ്ണമായ കൃഷി നാശം സംഭവിച്ചില്ലെങ്കിലും വിളകൾക്കുണ്ടായേ-ക്കാവുന്ന ഉല്പാദന നഷ്ടം കണക്കിലെ-ടുത്താണ് ഇൻഷുറൻസ് ആനുകൂല്യം നൽകുന്നത്.<br><br>അധികമായി പെയ്യുന്ന മഴ, ഉയർന്ന താപനില, കുറഞ്ഞ താപനില, കുറഞ്ഞ അളവിലുള്ള മഴ, കീടരോഗബാധയ്ക്ക് അനുകൂലമായ കാലാവസ്ഥ, കാറ്റിന്റെ വേഗത തുടങ്ങിയ പ്രതികൂല കാലാവസ്ഥാ ഘടകങ്ങൾക്ക് പദ്ധതി പ്രകാരം സംരക്ഷണം ലഭിക്കുന്നു. പ്രാദേശിക പ്രകൃതിക്ഷോഭങ്ങളായ വെള്ളപ്പൊക്കം, ആലിപ്പഴമഴ, ഇടിമിന്നൽ മൂലം ഉണ്ടാകുന്ന തീ പിടുത്തം, മേഘവിസ്ഫോടനം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മൂലമുണ്ടാകുന്ന വ്യക്തിഗത വിളനാശം എന്നിവയ്ക്കും പരിരക്ഷ നൽകി വരുന്നു. വിളയുടെ പ്രായം അടിസ്ഥാനമാക്കി ജോയിന്റ് ഇൻ-സ്പെക്ഷൻ റിപ്പോർട്ട് പ്രകാരം നഷ്ടപരിഹാരം നിർണ്ണയിക്കും.<br><br>കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുവാൻ ആവശ്യമായ നിബന്ധനകൾ വകുപ്പ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ താല്പര്യമുള്ള ഇൻഷുറൻസ് കമ്പനികളെ ടെണ്ടർ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്താണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്. നിലവിൽ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി (AICIL) മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആകെ ഇൻഷ്വറൻസ് തുകയുടെ പരമാവധി 1.5 ശതമാനം മുതൽ 2 ശതമാനം വരെ ഭക്ഷ്യ വിളകൾക്ക് കർഷകർ പ്രീമിയം അടയ്ക്കേണ്ടതുണ്ട്. വാർഷിക വാണിജ്യ വിളകൾക്കും ഉദ്യാനവിളകൾക്കും പരമാവധി 5 ശതമാനം ആണ് കർഷക പ്രീമിയം. ബാക്കി പ്രീമിയം തുക കേന്ദ്രസംസ്ഥാന സർക്കാരുകൾ തുല്യമായി പ്രീമിയം സബ്സിഡിയായും നൽകുന്നു. |
| (ഡി) | പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ കാലാവസ്ഥാനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലകളിൽ കാലാവസ്ഥാനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിൽ ആകെ 171 കാലാവസ്ഥാ-നിലയങ്ങളും അവയ്ക്ക് ബാക്ക്അപ് നിലയങ്ങളും നിലവിൽ ഉണ്ട്. ടി കാലാവസ്ഥാനിലയങ്ങളിൽ നിന്നുള്ള വെതർ ഡാറ്റായുടെ അടിസ്ഥാനത്തിലാണ് കർഷകർക്ക് ആനുകൂല്യം നൽകുന്നത്. ഇവയുടെ കാലാവധി അവസാനിക്കാ-റായതിനാൽ കേരളത്തിലെ എല്ലാ ജില്ലകളിലും ബ്ലോക്ക് അടിസ്ഥാനത്തിൽ 148 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും (AWS) പഞ്ചായത്ത് അടിസ്ഥാനത്തിൽ 799 ഓട്ടോമാറ്റിക് റൈൻ ഗേജുകളും (ARG) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ